(ഡി) സംസ്ഥാനത്ത് നിരവധി ബി.ടെക്ക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 2013-14 വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവച്ചിരുന്നു. എന്നാൽ 9-4-2013-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം പിൻവലിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് എ.ഐ.സി.റ്റി.ഇ.-യുടെയും ബന്ധപ്പെട്ട സർവ്വകലാശാലയുടേയും അനുമതി ലഭിയ്ക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിയ്ക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നതാണ്.

പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ

139 (1195) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 50 വർഷത്തിലധികം പഴക്കമുള്ളതും ആകെ നാല് കോഴ്സുകൾ മാത്രമുള്ളതുമായ പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

വൈസ് ചാൻസലർമാരുടെ യോഗം

140 (1196) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായോ ; ഏതെല്ലാം സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത യോഗത്തിലേയ്ക്ക് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയെ ക്ഷണിച്ചിരുന്നോ ; മന്ത്രി പങ്കെടുത്തിരുന്നോ ;

(സി) മുഖ്യമന്ത്രിയുടെ യോഗത്തിന്റെ അജണ്ട എന്തായിരുന്നു; യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് ; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) വ്യത്യസ്ത സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരെ മുഖ്യമന്ത്രി നേരിട്ടു വിളിച്ചു ചേർക്കുന്നത് ഏതു ചട്ടപ്രകാരമാണ്

(ഇ) രണ്ട് യോഗങ്ങളുടെയും തീയതി അറിയിക്കാമോ ;

(എഫ്) സർവ്വകലാശാലകളിലെ എന്തെല്ലാം പ്രശ്നങ്ങൾ യോഗത്തിൽ വിലയിരുത്തപ്പെടുകയുണ്ടായി ; ഇവ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായി. ഉഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല എന്നിവിടങ്ങളിലെ വൈസ് ചാൻസലർമാർ ഒഴികെ മറ്റെല്ലാ സർവ്വകലാശാല വൈസ് ചാൻസലർമാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു.

(ബി) ക്ഷണിച്ചിരുന്നു. മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുണ്ടായിരുന്നതിനാൽ പങ്കെടുത്തിരുന്നില്ല.

(സി) വിദ്യാർത്ഥി സംരംഭകത്വം ആയിരുന്നു അജണ്ട. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) വിദ്യാർത്ഥി സംരംഭകത്വം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനും കേരള ഇന്നോവേഷൻ & സ്റ്റാർട്ട് അപ്പ് പോളിസി, 2014-ന് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായിട്ടുമാണ് മുഖ്യമന്ത്രി യോഗം വിളിച്ചു ചേർത്തത്.

(ഇ) 21-10-2014 ലാണ് യോഗം ചേർന്നത്.

(എഫ്) വിദ്യാർത്ഥി സംരംഭകത്വം സംബന്ധിച്ച നയരൂപീകരണം മാത്രമാണ് യോഗം ചർച്ച ചെയ്തത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly